## അന്തരിച്ചു

### ദേവകി

മാങ്ങാട്: ബാര, വടക്കം തൊട്ടിയിലെ പരേതനായ അമ്പൂഞ്ഞി നമ്പ്യാരുടെ ഭാര്യ ദേവകി (72) അന്തരിച്ചു. മകൾ: എം രജിത. മരുമകൻ: കെ നാരായണൻ. സഹോദരങ്ങൾ: ഗംഗാധരൻ, കാർത്യായനി, നാരായണി, രമണി, സരോജിനി.

### തെക്കിൽ അബ്ദുള്ള

കുണിയ: തെക്കിൽ അബ്ദുല്ല (80) അന്തരിച്ചു. ഭാര്യ: ആയിശ. മക്കൾ: അഹമ്മദ്, ഹംസ, സുഹ്റാബി. മരുമക്കൾ: അബ്ദുൽ കരീം സഖാഫി കുണിയ, സുബൈദ ബേക്കൽ, കദീജ കുണിയ. സഹോദരങ്ങൾ: അബ്ദുൽ റഹ്മാൻ, മൊയ്തു, നഫീസ, മാഞ്ഞമ്മ, ആയിശാബി, ബീഫാത്തിമ. പരേതനായ ആമു.

### ബി പത്മനാഭ

മിയാപദവ്: മിയാപദവിലെ ബി പത്മനാഭ (64) അന്തരിച്ചു. റിട്ട. ബാങ്ക് ജീവനക്കാരനായിരുന്നു. മംഗളൂരുവിലായിരുന്നു താമസം. ഭാര്യ: പരേതയായ ഉമാവതി. മക്കൾ: കൃഷ്ണ, വരുൺ, മരുമകൻ: തിലക് കുമാർ, സഹോദരങ്ങൾ: ചന്ദ്രശേഖര, ജയന്ത, സുനിത, വസന്തി.

### ചിക്കപ്പഷെട്ടി

മംഗൽപാടി:തിമ്പറയിലെ ചിക്കപ്പഷെട്ടി(85) അന്തരിച്ചു. അസുഖത്തെത്തുടർന്ന് മംഗ്ലൂരുവിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കർഷകനാണ്. ഭാര്യ: ദേവകി. മക്കൾ: ദുഗ്ഗപ്പഷെട്ടി, സചീന്ദ്രഷെട്ടി, സീതാരാമഷെട്ടി, രേവതി, ഉഷാകല, പ്രേമലത, പൂർണ്ണിമ. മരുമക്കൾ: സദാശിവറൈ പുത്തിഗെ, ബാലകൃഷ്ണ റൈ നെല്ലിത്തടുക്ക, സദാശിവ പാനൂർ, സദാശിവ ഭണ്ഡാരി മുളിഞ്ച, സുജാത, ശ്രുതി. സഹോദരങ്ങൾ: ഐത്തപ്പ ഷെട്ടി, നാരായണ ഷെട്ടി, സത്യാവതി.

## തയ്യാറെടുപ്പ് മുഹൂർത്തം ഇന്ന്

ഉപ്പള: കൊണ്ടേവൂർ ശ്രീ നിത്യാനന്ദ യോഗാശ്രമം വിശ്വജിത്ത് അതിരാത്ര സോമയാഗത്തിന്റെ ഭാഗമായി വസ്ത്രം സമർപ്പണത്തിന്റെ തയ്യാറെടുപ്പ് മുഹൂർത്തം ഇന്ന് മൂന്നുമണിക്ക് അടുക്കം കെ വി കൃഷ്ണന്റെ ഭവനത്തിൽ നടക്കും. ബന്ധപ്പെട്ടവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. കൊണ്ടേവൂർ മഠാധിപതി യോഗാനന്ദ സരസ്വതി ചടങ്ങിൽ പങ്കെടുക്കും.

# തുരുത്തി പാലത്തിനു സമീപത്തെ ഓവുചാൽ നിർമ്മാണത്തിൽ തരികിട: ഐ എൻ എൽ

വിവാദത്തിലായ അണങ്കൂർ -തുരുത്തി റോഡ് ഓവുചാൽ നിർമ്മാണം

കാസർകോട്: കാസർകോട് നഗരസഭാ പരിധിയിൽപ്പെട്ട അണങ്കൂർ-തുരുത്തി റോഡിലെ തുരുത്തി പാലത്തിനു സമീപം നടക്കുന്ന ഓവുചാൽ നിർമ്മാണത്തിൽ സർവ്വത്ര തരികിടയെന്ന് ഐ എൻ എൽ തുരുത്തി ശാഖാ കമ്മറ്റി മുൻസിപ്പൽ സെക്രട്ടറിയോട് പരാതിപ്പെട്ടു. ഓവുചാൽ നിർമ്മിക്കാൻ ഏറ്റവും വില കുറഞ്ഞ സിമന്റാണുപയോഗിച്ചതെന്നു ഓവുചാലിന്റെ സൈഡ് കോൺക്രീറ്റ് ചെയ്തതിനു ശേഷം ഒരു ദിവസം പോലും കാത്തു നിൽക്കാതെയാണ് തേപ്പു പണി നടത്തിയതെന്നും പരാതിയിൽ പറയുന്നു.ഓവുചാലിന്റെ മുകൾഭാഗം സ്ലാബ് ചെയ്യുമ്പോൾ നിലവാരമുള്ള സിമന്റും കമ്പികളും ഉപയോഗിക്കണമെന്നും ഇതു സംബന്ധിച്ച് അന്വേഷണം വേണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു. ഐ എൻ എൽ തുരുത്തി കമ്മറ്റി ഭാരവാഹികളായ അഷ്റഫ്, ഹനീഫ് എന്നിവരാണ് പരാതി നൽകിയത്. നടപടിയായില്ലെങ്കിൽ വിജിലൻസിനെ സമീപിക്കുമെന്ന് ഇവർ മുന്നറിയിച്ചു.

**ഇന്നത്തെ സ്വർണ്ണവില**

ഗ്രാമിന് 3025

പവന് 24200

CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
www.citygoldindia.com

## യുവമോർച്ച സംസ്ഥാന സമ്മേളനം വിജയിപ്പിക്കാൻ ആഹ്വാനം

കാസർകോട്: ഭാരതീയ യുവമോർച്ച ജില്ലാ കമ്മിറ്റിയോഗം ബി.ജെ.പി ജില്ലാ കമ്മിറ്റി ഓഫീസിൽ ചേർന്നു. യോഗം ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡണ്ട് ബിജു ഇളകുഴി ഉദ്ഘാടനം ചെയ്തു.25, 26, 27 തീയ്യതികളിൽ തൃശൂരിൽ നടക്കുന്ന സംസ്ഥാന സമ്മേളനവും 27ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രവർത്തകരെ അഭിസംബോധന ചെയ്യുന്ന പരിപാടിയും വിജയമാക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.യുവമോർച്ച ജില്ലാ പ്രസിഡണ്ട് രാജേഷ് കൈന്താർ ആധ്യക്ഷം വഹിച്ചു. പ്രമീള മജൽ, സന്തോഷ് ദൈഗോളി, പ്രജിത്, വിനീത്, അവിനാശ് റൈ, അശ്വിൻ ലാൽ, കെ.ടി.സുനിൽ, സജിത്ത്, പ്രദീപ്, ദിലീപ് പള്ളഞ്ചി പ്രസംഗിച്ചു.

# കൊപ്പളം അണ്ടർ പാസേജ്; ടെണ്ടർ നടപടികൾ ഉടൻ: എ. ജി. സി ബഷീർ

കൊപ്പളം അണ്ടർ പാസ്സേജിനായി നാട്ടുകാർ നിർമിച്ച റോഡ്

കുമ്പള: കൊപ്പളം അണ്ടർ പാസേജ് നിർമ്മാണത്തിലെ ടെൻഡർ നടപടികളിലുണ്ടായ തടസ്സം നീക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ. ജി. സി ബഷീർ അറിയിച്ചു.

റെയിൽവേയ്ക്ക് 2018ൽ 2.16 കോടി രൂപ അടച്ചിട്ടും ടെൻഡർ നടപടികളും നിർമാണ പ്രവർത്തനങ്ങളും തുടങ്ങാത്തതിൽ പ്രദേശവാസികൾക്കുള്ള ആശങ്ക അറിയിക്കാൻ മൊഗ്രാൽ ദേശീയ വേദി ഭാരവാഹികളും, നാട്ടുകാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ കണ്ട് നിവേദനം നൽകിയപ്പോഴാണ് എ. ജി. സി ബഷീർ ഈ കാര്യത്തിൽ തന്റെ നിലപാട് അറിയിച്ചത്. റെയിൽ പാളം മുറിച്ചു കടക്കവെ വിദ്യാർത്ഥികളടക്കം ഇതിനകം പ്രദേശത്ത് 10വോളം പേർ ട്രെയിൻ തട്ടി മരണപ്പെട്ടിരുന്നു. ഇതിനെ തുടർന്നാണ് നാട്ടുകാർ അണ്ടർ പാസേജ് ആവശ്യം മുന്നോട്ട് വെച്ചത്. ടെണ്ടർ നടപടികളിലെ തടസ്സം നീക്കി ഫെബ്രുവരിയോടെ നിർമ്മാണം തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് എ. ജി. സി ബഷീർ ഉറപ്പു നൽകിയതായി ദേശീയ വേദി ഭാരവാഹികൾ അറിയിച്ചു.

മള്ളങ്കൈ മഖാം ഉറൂസിന് തുടക്കം കുറിച്ച് കുമ്പോൽ സയ്യിദ് കെ.എസ്.ആറ്റക്കോയ തങ്ങൾ പതാക ഉയർത്തുന്നു

# ബാപ്പാലിപ്പൊനത്ത് ആണ്ടു നേർച്ചയും മതപ്രഭാഷണവും

പെർഡാല: ബാപ്പാലിപ്പൊനം എസ് വൈ എസ്, എസ് കെ എസ് എസ് എഫ്, എസ് ബി വി ശാഖാ കമ്മിറ്റികളുടെ ആഭിമുഖ്യത്തിലുള്ള ശംസുൽ ഉലമാ ആണ്ടു നേർച്ചയും മതപ്രഭാഷണവും ഇന്നു ആരംഭിക്കും. 20 വരെ നീണ്ടു നിൽക്കും.

പരിപാടിക്കു തുടക്കം കുറിച്ച് ഇന്നു രാവിലെ പതാക ഉയർത്തി.വൈകിട്ട് മതപ്രഭാഷണം സയ്യിദ് കെ എസ് അലി തങ്ങൾ ഉദ്ഘാടനം ചെയ്യും. സിംസാറുൽ ഹഖ് ഹുദവി മുഖ്യ പ്രഭാഷണം നടത്തും. മഗ് രിബ് നിസ്ക്കാരാനന്തരം പ്രഭാഷണവും മജ്ലിസുന്നൂറും ഉണ്ടാകും. അൻവർ അലി ഹുദവി മലപ്പുറം പ്രഭാഷണം നടത്തും. നാളെ രാത്രി 7ന് മതപ്രഭാഷണം എ എം മുഹമ്മദിന്റെ അധ്യക്ഷതയിൽ സയ്യിദ് ഹാദി തങ്ങൾ ഉദ്ഘാടനം ചെയ്യും. സ്വാലിഹ് ഹുദവി തൂത്ത മുഖ്യപ്രഭാഷണം നടത്തും.20ന് വൈകിട്ട് 4ന് ശംസുൽ ഉലമാ മൗലീദ് പാരായണവും ദിക്റ് ദുആ മജ്ലിസും നടക്കും. രാത്രി 7ന് മതപ്രഭാഷണം ബി കെ കരീമിന്റെ അധ്യക്ഷതയിൽ സയ്യിദ് എൻ പി എം സൈനുൽ ആബിദീൻ തങ്ങൾ അൽബുഖാരി ഉദ്ഘാടനം ചെയ്യും. യു കെ മുഹമ്മദ് ഹനീഫ് നിസാമി മുഖ്യപ്രഭാഷണം നടത്തും. അന്നദാനവുമുണ്ടാകും.

# മലയോരത്തെ ഇളക്കിമറിച്ച് ഫുട്ബോൾ മാമാങ്കം: രണ്ടാം സെമി ഇന്ന്

കുണ്ടംകുഴി: മലയോരത്തെ കായിക പ്രേമികളെ ബി.സെവൻ സോക്കർ ആവേശത്തിന്റെ മുൾമുനയിലെത്തിക്കുന്നു.മത്സരത്തിന്റെ അഞ്ചാം ദിവസമായ ഇന്നലെയും ഗ്യാലറികൾ നിറഞ്ഞു കവിഞ്ഞു. വനിതാ ഫുട്ബോളും സംഘത്തിരുവാതിരയും കാണികൾക്കു ഹരം പകർന്നു.

ഇന്നു രാത്രി രണ്ടാം സെമിയിൽ നെരൂദ കുറ്റിക്കോലും കെ.എഫ്.സി കാറഡുക്കയും ഏറ്റുമുട്ടും. ഇന്നലെ നടന്ന ആദ്യ സെമിയിൽ റെഡ്സ്റ്റാർ ഇടയിക്കോടിനെ റിഫ്ളക്ട് ചട്ടഞ്ചാൽ തോൽപ്പിച്ചു. ഞായറാഴ്ചയാണ് ഫൈനൽ.

കുണ്ടംകുഴിയിൽ നടക്കുന്ന ബി.സെവൻ സോക്കറിന്റെ ഇന്നലത്തെ മത്സരം വീക്ഷിക്കാൻ എത്തിയവർ

## പേരോട് ഇന്ന് ഊജംപദവിൽ

സീതാംഗോളി: കേരള മുസ്ലീം ജമാഅത്ത്, എസ്.വൈ.എസ്, എസ് എസ് എഫ് ഊജംപദവ് യൂണിറ്റ് കമ്മിറ്റി സംഘടിപ്പിക്കുന്ന താജുൽ ഉലമ, നൂറുൽ ഉലമ അനുസ്മരണ സംഗമത്തിൽ എസ്.വൈ.എസ് സംസ്ഥാന പ്രസിഡന്റ് പേരോട് അബ്ദുറഹ്മാൻ സഖാഫി അനുസ്മരണ പ്രഭാഷണം നടത്തും. വൈകിട്ട് 6ന് ആരംഭിക്കുന്ന പരിപാടിയിൽ എസ്.വൈ.എസ് സംസ്ഥാന ഉപാധ്യക്ഷൻ പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി, സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ, വൈ.എം അബ്ദുറഹ്മാൻ അഹ്സനി, അബ്ദുൽ ഖാദിർ സഅദി, റഫീഖ് സഅദി, ഉമർ സഖാഫി, അബ്ബാസ് സഖാഫി, അബ്ദുല്ലത്തീഫ് സഖാഫി, അബ്ദുസ്സലാം സഖാഫി, ഇബ്രാഹിം സഖാഫി, ഇബ്രാഹിം സഅദി, ഹനീഫ് മദനി സംബന്ധിക്കും.

## ഗ്രീൻവുഡ്സ് സ്കൂളിൽ ശുചിത്വ മിഷൻ ക്യാമ്പയിൻ

പാലക്കുന്ന് : കുട്ടികളിൽ പരിസര ശുചിത്വ സന്ദേശം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പാലക്കുന്ന് ഗ്രീൻവുഡ്സ് പബ്ലിക് സ്കൂളിൽ ശുചിത്വ മിഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചു.ടൂറിസം വകുപ്പിന്റെ കീഴിൽ സ്വച്ഛ് ഭാരത് സ്വച്ഛ് പര്യടൻ പരിപാടിയുടെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ രാജ്യത്തെ തിരഞ്ഞെടുത്ത സ്കൂളുകളിലാണ് ഇതു നടപ്പാക്കുന്നത്. ഗ്രീൻവുഡ്സിൽ ഡോ.സാജനും ടി.നിതിനും നേതൃത്വം നൽകി. ശുചിത്വ സന്ദേശത്തിന്റെ ഭാഗമായി കോഴിക്കോട് മനോരഞ്ജൻ ആർട്സിന്റെ തെരുവ് നാടകവുമുണ്ടായി.

## സി അശോക് കുമാർ മുളിയാർ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട്

കാസർകോട്: മുളിയാർ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ടായി സി അശോക് കുമാറിനെ നിയമിച്ചതായി ഡി സി സി പ്രസിഡണ്ട് ഹക്കീം കുന്നിൽ അറിയിച്ചു. നിലവിൽ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ഉദുമ ബ്ലോക്ക് പ്രസിഡണ്ട് ആണ് അശോക് കുമാർ.

## വീട്ടിൽ നിന്നു വിളിച്ചിറക്കി മർദ്ദനം: 11 പേർക്കെതിരെ കേസ്

പയ്യന്നൂർ: യുവാവിനെ വീട്ടിൽ നിന്നു വിളിച്ചിറക്കി മർദ്ദിച്ചുവെന്ന പരാതിയിൽ 11 പേർക്കെതിരെ പൊലീസ് കേസെടുത്തു.

പെരുമ്പയിലെ അബ്ദുൾ വാസിദിന്റെ (18) പരാതിയിൽ ഷുഹൈബ്, ആദിൽ, റാസി, സൽമാൻ, ഷിനാദ്, നിസാം, ആഷിർ, ഇർഫാൻ, സിനാൻ എന്നിവർക്കെതിരെയാണ് കേസ്.

കുമ്പള കണിപുര ശ്രീ ഗോപാലകൃഷ്ണ ക്ഷേത്ര വെടി ഉത്സവ ഭാഗമായി നടന്ന തിടമ്പെഴുന്നള്ളത്ത്.

## ഓട്ടോയും ബൈക്കും കൂട്ടിയിടിച്ച് പരിക്ക്

ചെറുവത്തൂർ: പാലക്കരയിൽ ഓട്ടോയും ബൈക്കും കൂട്ടിയിടിച്ചു ചന്തേരയിലെ തെയ്യം കലാകാരൻ എം.മനോഹര (46)ന് പരിക്കേറ്റു. സാരമായി പരിക്കേറ്റ ഇയാളെ പരിയാരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാത്രി മനോഹരൻ സഞ്ചരിച്ച ബൈക്കും ഓട്ടോയും കൂട്ടിയിടിച്ചായിരുന്നു അപകടം.

# കേന്ദ്ര കേരള സർവ്വകലാശാലയ്ക്ക് 164 കോടി രൂപയുടെ കേന്ദ്ര ഫണ്ട്

കാസർകോട്: കേരളകേന്ദ്ര സർവ്വകലാശാലയുടെ അടിസ്ഥാന വികസന പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ 164 കോടിരൂപയുടെ ഫണ്ട് അനുവദിച്ചു. ഈ ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടത്തുന്ന പ്രോജക്ടിലൂടെ ആകെ 27000 സ്ക്വയർ മീറ്റർവിസ്തൃതിയുള്ള വിവിധ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ഉൾപ്പെടെയുള്ള ക്യാമ്പസ്സ് വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമാക്കുന്നത്. ഈ പ്രോജക്ടിൽ സർവ്വകലാശാല അഡ്മിനിസ്ട്രേഷന്റെ കെട്ടിട സമുച്ചയത്തിന്റെ ഒന്നാംഘട്ട നിർമ്മാണം, അദ്ധ്യാപകർക്കുള്ള ക്വാർട്ടേഴ്സുകൾ, രണ്ട് പുതിയഹോസ്റ്റലുകൾ, ഹോസ്റ്റലുകളുടെ അടുക്കള, ഭോജനശാല എന്നിവയുടെ നിർമ്മാണം, ഹെൽത്ത്സെന്റർ, സെൻട്രൽ ലൈബ്രറി തുടങ്ങിയവയുടെ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടായിരത്തി ഇരുപതിനുള്ളിൽ ഈ പ്രോജക്ട് പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശം.

ഗ്രീൻവുഡ്സ് സ്കൂളിൽ നടന്ന ശുചിത്വമിഷൻ ക്യാമ്പയിനിൽ നിന്ന്

# ബാലഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ സിൽവർ ജൂബിലി ആഘോഷം

കാസർകോട്: അശ്വിനി നഗർ ബാലഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ സിൽവർ ജൂബിലിയാഘോഷം നാളെ രാവിലെ മുതൽ പുലിക്കുന്ന് ഭഗവതി സഭാഭവൻ ഹാളിൽ നടക്കും. ഡോ.ബാലഗോപാലൻ നായരുടെ അധ്യക്ഷതയിൽ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യും. കെ.ജയന്തി, ഹെഡ്മിസ്ട്രസ് ലീലാവതി.കെ നായർ, ശശിധര ഷെട്ടി, കെ.എൻ.വെങ്കട്രമണ ഹൊള്ള, കെ.വി.രമേശൻ, കുന്നിൽ അബ്ദുള്ള, ശശിധര കെ.പണ്ഡിറ്റ്, കുസുമ സച്ചിൻ, സരോജിനി, കെ.സി.നിഷിത, ഹർഷിത്, അശോക.കെ തുടങ്ങിയവർ പ്രസംഗിച്ചു.സമ്മാനവിതരണം, എ.ഇ.ഒ അഗസ്റ്റിൻ, ബർണാഡും സുവനീർ പ്രകാശനം എം.കെ. ചന്ദ്രശേഖരൻ നായരും നിർവ്വഹിക്കും.

# ഗോപി ആന്റ് നാണു മെമ്മോറിയൽ ക്ലബ്ബ് വാർഷിക ആഘോഷം 26ന്; ഉദ്ഘാടനം മന്ത്രി ചന്ദ്രശേഖരൻ

കാനത്തൂർ: കാനത്തൂർ ഗോപി ആന്റ് നാണു മെമ്മോറിയൽ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് വാർഷികാഘോഷം 26ന് രാത്രി 7ന് മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. 6.30ന് മെഗാ തിരുവാതിര. വിരമിച്ച ജവാന്മാരായ കെ.സി.നാരായണൻ നമ്പ്യാർ, ടി.അച്യുതൻ നായർ, സി.ഉമ ശങ്കരൻ എന്നിവരെ ആദരിക്കും. ഡോ. എംബാലൻ മുഖ്യപ്രഭാഷണം നടത്തും. എൻബാലകൃഷ്ണൻ ആധ്യക്ഷം വഹിക്കും. സി.നാരായണൻ, പഞ്ചായത്ത് പ്രസി. ഖാലിദ് ബെള്ളിപ്പാടി, പഞ്ചായത്ത് അംഗങ്ങളായ ശോഭ കെ. പയോലം, മിനി പി.വി, മുളിയാർ സഹകരണ ബാങ്ക് പ്രസി. അഡ്വ.പി.രാമചന്ദ്രൻ, നെഹ്റു യുവകേന്ദ്ര പ്രോഗ്രാം കോ.ഓഡിനേറ്റർ ഷാഫി സലീം, ടി. ഗോപിനാഥൻ നായർ, ബി.എം. പ്രദീപ്, കെ.കുഞ്ഞിരാമൻ, കെ. ജയരാജൻ, സാവിത്രി, ഇ.മണികണ്ഠൻ, ഇ.അനന്തൻ, പ്രശാന്ത്, മനോജ് കുമാർ, മഹേഷ്. പി.ടി, കെ.ഗിരീഷ് കുമാർ, ധന്യരാജ് സംസാരിക്കും.

ലോഗോ രൂപ കല്പന ചെയ്ത ടി.കുഞ്ഞമ്പു നായർക്കു ചടങ്ങിൽ ഉപഹാരം നൽകും. ചികിത്സാ സഹായ വിതരണവും നടക്കും.തുടർന്ന് വിവിധ കലാപരിപാടികൾ. അംഗൺവാടി കുട്ടികൾ അവതരിപ്പിക്കുന്ന കിങ്ങിണിക്കൂട്ടം, സംഗീത ശില്പം, നൃത്ത നൃത്യങ്ങൾ, മാർഗ്ഗം കളി, അലാമിക്കളി, നാടകം, കാനത്തൂർ കലാസമിതിയുടെ നാട്ടറിവ് പാട്ടുകൾ എന്നിവ അരങ്ങേറും.

## ഇടയില്യം തറവാട് തെയ്യം കെട്ടുത്സവം

പെരുമ്പള: ബളാനം ഇടയില്യം തറവാട്ടിൽ തെയ്യം കെട്ടുത്സവം നാളെ ആരംഭിക്കും. രണ്ടു ദിവസം നീണ്ടു നിൽക്കും.പ്രതിഷ്ഠാദിനത്തോടനുബന്ധിച്ച് നാളെ രാവിലെ ഗണപതി ഹോമം,അരിത്രാവൽ,നാഗപൂജ എന്നിവയും, വൈകുന്നേരം ഭണ്ഡാരം എഴുന്നള്ളിപ്പ് തുടർന്ന് തെയ്യം കൊടുക്കൽ, കുളിച്ചുതോറ്റം, കുറത്തിയമ്മ തെയ്യം എന്നിവയും നടക്കും. ഞായറാഴ്ച 11 മണിക്ക് വിഷ്ണുമൂർത്തിയും പടിഞ്ഞാറ്റ ചാമുണ്ഡിയമ്മ തെയ്യവും തുടർന്ന് അന്നദാനം. വിളക്കിലരിയോടെ സമാപിക്കും.

പേരോൽ സെന്റ് പീറ്റേഴ്സ് ദേവാലയ തിരുനാളാഘോഷത്തിനു തുടക്കം കുറിച്ച് ഫാ. ബിനു കോടിയേറ്റ് നടത്തുന്നു

# പേരോൽ സെന്റ് പീറ്റേഴ്സ് ദേവാലയ തിരുനാളാഘോഷത്തിനു തുടക്കം

നീലേശ്വരം : പേരോൽ സെന്റ് പീറ്റേഴ്സ് ദേവാലയത്തിലെ തിരുനാൾ ആഘോഷം തുടങ്ങി. ചടങ്ങുകൾക്കു തുടക്കം കുറിച്ചു തലശ്ശേരി ഹോളി റോസറി ചർച്ച് വികാരി ഫാ.ബിനു ക്ലീറ്റസ് കൊടിയേറ്റി. ഇന്നും നാളെയും വൈകിട്ട് 5 നു ജപമാല, 5. 30 നു ദിവ്യബലി, വിശുദ്ധ കുർബാന, നൊവേന എന്നിവയ്ക്കു യഥാക്രമം നീലേശ്വരം സെന്റ് മേരീസ് ചർച്ച് വികാരി ഫാ.സെബാസ്റ്റ്യൻ പൊടിമറ്റം, മാവുങ്കാൽ ലൂർദ് മാതാ ചർച്ച് വികാരി ഫാ.പീറ്റർ പാറേക്കാട്ടിൽ എന്നിവർ കാർമികത്വം വഹിക്കും. തിരുനാൾ ദിനമായ 20 നു രാവിലെ 6. 30 നു ദിവ്യബലി. 9. 30 നു ജപമാല, ആഘോഷമായ തിരുനാൾ സമൂഹബലി എന്നിവയ്ക്കു മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിലെ പ്രഫസർ ഡോ.ജെൻസൺ പുത്തൻവീട്ടിൽ കാർമികത്വം വഹിക്കും. പ്രദക്ഷിണം, ദിവ്യകാരുണ്യ അശീർവാദം, സ്നേഹവിരുന്ന് എന്നിവയുണ്ടാകും.

## മന്നൻപുറത്ത് കാവ് നായരച്ഛൻ ചുമതലയേറ്റു

നീലേശ്വരം: ജില്ലയിൽ ശാക്തേയ സമ്പ്രദായത്തിൽ പൂജകൾ നടക്കുന്ന നീലേശ്വരം മന്നൻപുറത്തുകാവിലെ മയിലിട്ട അരമന നായരച്ഛനായി പുതുക്കുന്നിലെ കുഞ്ഞിമയിലിട്ട നാരായണൻ നായർ (86) സ്ഥാനമേറ്റു.ക്ഷേത്രത്തിലെ 3 പാരമ്പര്യ ട്രസ്റ്റികളിൽ ഒരാളാണ്. മറ്റു രണ്ടുപേർ എറുവാട്ടച്ഛനും മൂത്ത പിടാരരുമാണ്. കിഴക്കൻകൊഴുവലിലെ നായർ തറവാടുകളായ അരമന, മയിലിട്ട തറവാട്ടുകാർക്ക് അവകാശപ്പെട്ട സ്ഥാനമാണ് മയിലിട്ട അരമന നായരച്ഛൻ. ഇരു തറവാടുകളിലെയും മൂത്ത അംഗമാണ് ഈ സ്ഥാനത്തെത്തുന്നത്.അരമന തറവാട്ടുകാരുടേയാണ് ഇത്തവണത്തെ ഊഴമെങ്കിലും മുതിർന്ന അംഗം അസൗകര്യം അറിയിച്ചതിനാലാണു ഇക്കുറിയും മയിലിട്ട തറവാട്ടിന് സ്ഥാനം ലഭിച്ചത്. റിട്ട. റെയിൽവേ സ്റ്റേഷൻ മാസ്റ്റർ കോഴിക്കോട്ടെ കുഞ്ഞിമലിയിട്ട കുഞ്ഞിരാമൻ നായരുടെ നിര്യാണത്തെ തുടർന്നു സ്ഥാനം ഒഴിഞ്ഞു കിടക്കുകയായിരുന്നു.ഇന്നു രാവിലെ തളിയിൽ ക്ഷേത്രത്തിൽ കലശം കുളിച്ചെത്തി കിണാവൂർ കോവിലകത്തെ കെ.സി.രവി വർമ രാജയാണ് കച്ചും ചുരികയും നൽകി സ്ഥാനപ്പേര് കൽപിക്കുക. തുടർന്നു മന്നൻപുറത്തുകാവിലെത്തി ഉച്ചപൂജ തൊഴുതു തറവാട്ടിൽ തിരിച്ചെത്തുന്ന നായരച്ഛനെ കാരയപ്പമെറിഞ്ഞു വരവേൽക്കും. ഭാര്യ ആനിക്കീൽ കുഞ്ഞമ്മാറമ്മയ്ക്കു വീണ്ടും താലികെട്ടുന്ന ചടങ്ങുമുണ്ടാകും. തുടർന്നു വിഭവസമൃദ്ധമായ സദ്യയുമൊരുക്കും. ഭാസ്കരൻ, സൗദാമിനി, സരോജിനി, സതീശൻ എന്നിവരാണ് നാരായണൻ നായരുടെ മക്കൾ.

പണയ സ്വർണ്ണം
ബാങ്കിൽ പണയം വച്ച സ്വർണ്ണം തിരിച്ചെടുക്കാൻ കഴിയാത്തവർക്ക് കമ്മീഷൻ ഇല്ലാതെ വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു.
8086251096
8136980917

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ–പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

റിപ്പബ്ലിക്ക് അവധിയിൽ
ഭീമാപ്പള്ളി യാത്ര
കേരളത്തിലെ 35 ഓളം
പ്രധാന മഖാമുകളിലൂടെ
ജനു. 24ന് പുറപ്പെടുന്നു.
എർവാടി, നാഗൂർ, മുത്തുപേട്ട
കേരള–തമിഴ്നാട്
ജനു. 24, ഫെബ്രു 8
ഖിദ്മ സഹാറ നായന്മാർമൂല
7559977915,
9495145915

അജ്മീർ
ആഗ്ര–ഡൽഹി–മുംബൈ
കുളു, മണാലി, ഷിംല
9995 794 058 9562794 058

Vol -26, Issue No -16 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com